കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആറളം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-കെ.എൻ.ആർ/സി.10/1637/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 20.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ആറളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആറളം ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ആറളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( e-mail )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൻ.ആർ/സി.10/1637/2017 തീയ്യതി : 20-10-2017

## കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷങ്ങളിലെ വരവ് -ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

### ആമുഖം

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വാർഷി ധനകാര്യപത്രിക

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 05.01.2017 മുതൽ 22.09.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 15 എണ്ണം നൽകിയതിൽ 5എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജോൺ മനോഹർ. എ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 23-09-2017 മുതൽ 03-10-2017 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷഹീൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ബിസ്മി എസ് നായർ | ഓഡിറ്റർ |
| ശ്രീമതി.അനഎബ്രഹാം | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. ഷിജി നടുപ്പറമ്പിൽ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി. അന്നമ്മ എം | 01.04.2016 മുതൽ 31.03.2017 വരെ |

(ഡി)നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ടി.വൈ ജയൻ | 01.04.2016 മുതൽ 30.09.2016 വരെ |

| | | |
|---|---|---|
| | ശ്രീ. രാധാകൃഷ്ണൻ നായർ | 01.10.2016 മുതൽ 15.10.2016 വരെ |
| | ശ്രീ. ജ്യോത്സ്ന ഭാസ്കരൻ | 16.10.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. രവീന്ദ്രൻ പി | 01/04/2016 - 31/05/2016 |
| | ശ്രീ. മനോഹരൻ മാണിക്കോത്ത് | 01/06/2016 - 30/06/2016 |
| | ശ്രീമതി. മഞ്ചുള എൻ കെ | 01/07/2016 - 31/03/2017 |
| വെറ്റിനറി സർജൻ | ശ്രീ. ഷിബു പി എൻ | 01/04/2016 - 31/03/2017 |
| വി.ഇ.ഒ | ശ്രീ. ഷാജി എം | 01/04/2016-04/11/2016 |
| | ശ്രീമതി. ജോമോൾ ജോസ് | 05/11/2016-11/12/2016 |
| | ശ്രീ. ഷാജി കെ പി | 12/12/2016-31/03/2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. പി രാജേഷ് | 01/04/2016 - 31/03/2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബാബു തോമസ് | 01/04/2016 - 31/03/2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഷൈലജ എം എം | 01/04/2016-31/05/2016 |
| | ശ്രീമതി.സുലേഖ | 01/06/2016-03/01/2017 |
| | ശ്രീമതി.പ്രസന്നകുമാരി | 04/01/2017-31/03/2017 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | ഡോ. സിതാര ധർമ്മരാജ് | 01/04/2016-31/03/2017 |
| ഹെഡ് മാസ്റ്റർ | ശ്രീ.കെപി അബ്ദുള്ള | 01/04/2016-31/03/2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജിഷ പി.എസ് | 01/04/2016-31/03/2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ഗ്രാമ സഭ. | 1-7 | |
| 8 | ദുരിദാശ്വാസ നിധി | 1-8 | |
| 9 | മോണിറ്ററിംഗ് | 1-9 | |
| 10 | തനത് വരുമാനം | 1-10 | |
| 11 | ക്ഷേമപദ്ധതികൾ | 1-11 | |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 | |
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 | |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | തൊഴിൽ നികുതി വരവിലെ അപാകങ്ങൾ | 2-1 | |
| 16 | ഡി ആൻഡ് ഒ ലൈസൻസ് ഫീ വരവിലെ അപാകങ്ങൾ | 2-2 | |
| 17 | പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തുന്നില്ല. | 2-3 | |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിച്ചില്ല -പാഴായ പദ്ധതിപ്പണം 1കോടി 89ലക്ഷം രൂപ. | 3-1 | |

| | | | |
|---|---|---|---|
| 19 | സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം നൽകുന്നതിന് പ്രൊജക്റ്റ് നടപ്പിലാക്കി - ചെലവ് തുക അംഗീകരിക്കുന്നില്ല. | 3-2 | |
| 20 | അനർഹമായി സബ്സിഡി നൽകി - 6000/-രൂപ അംഗീകരിക്കുന്നില്ല. | 3-3 | |
| 21 | തെരുവ് വിളക്കിന് എ.എം.സി -നിർവ്വഹണത്തിൽ അപാകങ്ങൾ | 3-4 | |
| 22 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-5 | |
| 23 | മരുന്ന് ലഭ്യമായില്ല | 3-6 | |
| 24 | അംഗൻവാടി പോഷകാഹാരം-അപാകങ്ങൾ – ചെലവ് തുക ₹18,46,159/- തടസ്സപ്പെടുത്തുന്നു. | 3-7 | |
| 25 | ഭിന്നശേഷിയുള്ളവർക്ക് യന്ത്രവൽകൃത മുച്ചക്രവാഹനം വിതരണം സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 141000 രൂപ തടസ്സപ്പെടുത്തുന്നു | 3-8 | |
| 26 | വൃദ്ധജന ആരോഗ്യ പരിപാലനം സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 241653 രൂപ തടസ്സപ്പെടുത്തുന്നു. | 3-9 | |
| 27 | കീഴ്പള്ളി വയോജന വിശ്രമകേന്ദ്ര നിർമ്മാണം അപാകങ്ങൾ 653 രൂപ അധികം നല്കി. | 3-10 | |
| 28 | ചെടിക്കളം വായനശാല നിർമ്മാണം അപാകങ്ങൾ | 3-11 | |
| 29 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ- ഓവർഹെഡ് ചാർജിൽ 94556 രൂപ അധികം നൽകി | 3-12 | |
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | 3 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 39 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 40 | അനുബന്ധം 2 ഇൻകം ആന്റ് എക്സ്പ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | - | |
| 41 | അനുബന്ധം 3 റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | - | |
| 42 | അനുബന്ധം 4 ബാലൻസ് ഷീറ്റ് | - | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.02.2016 തീയ്യതിയിലെ 28/16നം.തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് |
|---|---|---|
| മുന്നിരിപ്പ് | 100996850 | 26560190 |
| വരവ് | 8738069 | 83679763 |
| ആകെ | 109734919 | 110239953 |
| ചെലവ് | 108334719 | 80500036 |
| നീക്കിയിരിപ്പ് | 1400200 | 29739917 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-17 | 31.07.2017 | 06.06.2017 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 26.09.2017 മുതൽ 27.09.2017 വരെ | വിശേഷണങ്ങളോട് കൂടിയത് | കെ.എസ്.എ- കെ.എൻ.ആർ/സി10/ 1637/17 തീ. 20.10.2017 |

ആറളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1).ദുരിതാശ്വാസനിധി അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും ബാലൻസ് ഷീറ്റിലെ B ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

2) ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3).ധനകാര്യപത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

4)ഡിമാന്റ് റജിസ്റ്ററുകൾ തയ്യാറാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

5)ഇംപ്രസ്റ്റ് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 26560190 |
| വരവ് * | 83679763 |
| ആകെ | 110239953 |
| ചെലവ് * | 80500036 |
| നീക്കിയിരിപ്പ് | 29739917 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | തൻവർഷത്തെ ബജറ്റ് വിഹിതം | തൻവർഷത്തെ അലോട്ട്മെന്റ് * | ചെലവ് | ബാക്കിയായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 21307703 | 21307703 | 17882258 | 3425445 | 83.92 |
| വികസനഫണ്ട് എസ്.സി.പി. | 532005 | 532005 | 274152 | 257853 | 51.53 |
| വികസനഫണ്ട് ടി.എസ്.പി. | 5537814 | 5537814 | 5537814 | NIL | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 8481342 | 8481342 | 4740591 | 3740751 | 55.90 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5587422 | 5587422 | 3388964 | 2198458 | 60.65 |
| 14-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10221846 | 10221846 | 4194832 | 6027014 | 41.04 |
| പെർഫോമൻസ് ഗ്രാന്റ് | 6257795 | 8274591 | 5046428 | 3228163 | 60.99 |
| എൻ.ആർ.ഇ.ജി.എസ്. (-) | 0(മുൻബാക്കി) 30117780(വരവ്) | 30117780(ആകെ) | 30117780 | 0 | 100 |
| ബി ഫണ്ട് xx | - | 43227081 | 43227081 | 43227081 | - |

* എ.സി.ആർ.പ്രകാരം

xx ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

( -) ചെക്ക് ഇഷ്യൂ റജിസ്റ്റർ പ്രകാരം

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 185 | 74280138 | 135 | 44320793 | 81 | 50 | 29 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 14 | 7049887 | 5101189 | 72.36 |
| കൃഷി ഓഫീസർ | 7 | 7 | 1318400 | 861666 | 65.36 |
| വെറ്റിനറി സർജൻ | 7 | 7 | 2969500 | 2696331 | 90.8 |
| വി.ഇ.ഒ | 13 | 8 | 7145647 | 2335050 | 32.68 |
| അസി.എഞ്ചിനിയർ | 109 | 78 | 43423293 | 22908933 | 52.78 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 6749600 | 6043837 | 89.54 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 3 | 3 | 1033104 | 1029787 | 99.68 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 5 | 5 | 1457883 | 879022 | 60.29 |
| അസി.സെക്രട്ടറി | 9 | 6 | 2167824 | 1699978 | 78.42 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 1 | 200000 | 150000 | 75 |
| ഹെഡ് മാസ്ററർ | 5 | 3 | 765000 | 615000 | 80.39 |

| | | | | | |
|---|---|---|---|---|---|
| ആകെ | 185 | 135 | 74280138 | 44320793 | 59.67 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 23865723 | 17882258 | 74.93 |
| എസ്.സി.പി | 574379 | 274152 | 47.73 |
| ടി.എസ്.പി | 6848112 | 6848112 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 10348117 | 4194832 | 40.54 |
| ലോകബാങ്ക് ധനസഹായം | 8274591 | 5046428 | 60.99 |
| കേന്ദ്രാവിഷ്കൃതം | 700000 | 700000 | 100 |
| സംസ്ഥാനാവിഷ്കൃതം | 0 | 0 | |
| തനത് ഫണ്ട് | 4079439 | 1317274 | 32.29 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 350000 | - | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 220000 | 10205 | 4.46 |
| സംരക്ഷണഗ്രാന്റ് റോഡ് | 10202360 | 4740591 | 46.47 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 6879501 | 3388964 | 49.26 |
| മറ്റുള്ളവ | 1937916 | 1228275 | 63.38 |
| ആകെ | 74280138 | 44320793 | 59.67 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിയിൽ 2016-17 വർഷം ഗ്രാമ പഞ്ചായത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി അനുമതിലഭിച്ച് മൊത്തം വകയിരുത്തിയ പദ്ധതി തുകയുടെ വെറും 59.67% തുകയാണ് ചെലവഴിച്ചത്. സംരക്ഷണഗ്രാന്റുകൾ, എസ്.സി.പി ഫണ്ട്,ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നിവയുടെ വിനിയോഗം തൃപ്തികരമല്ല.എങ്കിലും വികസനഫണ്ടിന്റെ ടി.എസ്.പി വിഹിതം 100%വും ചെലവഴിക്കാൻ സാധിച്ചത് നേട്ടമാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളും, വി.ഇ.ഒ നിർവ്വഹണം നടത്തിയ മറ്റ് പ്രൊജക്ടുകളും ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലയെന്നത് പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്. സർക്കാർ അനുവദിക്കുന്ന വിവിധ ഫണ്ടുകളും ധനസഹായവും പൂർണ്ണമായും വിനിയോഗിക്കുന്നതിന് കാലേക്കൂട്ടിയുള്ള ആസൂത്രണം അത്യാവശ്യമാണ്. ഇക്കാര്യം വളരെ ഗൌരവപൂർവ്വം പരിശോധനാ വിധേയമാക്കേണ്ടതാണ്.

## **1-7** <u>ഗ്രാമ സഭ</u>

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. ഇപ്രകാരം ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും 2016-17വർഷം നാല് തവണ ഗ്രാമ സഭകൾ ചേർന്നിട്ടുണ്ട്. ഓഗസ്റ്റ് മാസം ചേർന്ന ഒന്നാമത്തെ ഗ്രാമസഭയിൽ ക്ഷേമപെൻഷനുകളുടെ ലിസ്റ്റ്അവതരിപ്പിക്കൽ, തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ, ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ലിസ്റ്റ് അംഗീകരിക്കൽ എന്നിവയും, ഒക്ടോബർ മാസം ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ 2016-17 വർഷത്തെ പദ്ധതി ആസൂത്രണ ഗുണഭോക്തൃതെരഞ്ഞെടുപ്പ് ,തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവയും, ഫിബ്രവരി മാസം ചേർന്ന മൂന്നാമത്തെ ഗ്രാമസഭയിൽ ഭൂരഹിത ഭവന രഹിതരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ എന്നിവയും മാർച്ച് മാസം ചേർന്ന നാലാമത്തെ ഗ്രാമസഭയിൽ റേഷൻ മുൻഗണനാ പട്ടിക തയ്യാറാക്കൽ എന്നിവയും അജണ്ടയായി ഉൾപ്പെടുത്തി. പൊതുവെ വലിയതോതിലുള്ള ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതഅനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപികരിക്കണമെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ നേരത്തെതന്നെ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട് അക്കൗണ്ട് (നം.84). 2016-17വർഷം അക്കൌണ്ടിൽ ബാങ്ക് പലിശ ഉൾപ്പെടെ 35971/-രൂപ സ്വരൂപിച്ചിട്ടുണ്ട്. 57500/-രൂപയുടെ ധനസഹായം നൽകിയിട്ടുമുണ്ട്. 31.03.2017ന് ആകെ 12649/-രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-9 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ് .

## 1-10 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2015-16 | വർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3421264 | 5222856 | 1801592 | 52.66 (+) |
| നികുതിയേതര വരവുകൾ | 878088 | 1256614 | 378526 | 43.11 (+) |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 4299352 | 6479470 | 2180118 | 50.71 (+) |

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58920 | 37 |
| കർഷകതൊഴിലാളി വേതനം | 4769830 | 466 |
| വിധവാപെൻഷൻ | 12749220 | 968 |
| വാർദ്ധക്യകാലപെൻഷൻ | 21350195 | 1814 |
| വികലാംഗപെൻഷൻ | 3271850 | 318 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 405500 | 38 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.09.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14860/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ജീവനക്കാരുടെ യോഗം വിളിച്ച് ചേർത്ത് പഞ്ചായത്തിന്റെ പ്രവർത്തനപുരോഗതി അവലോകനം നടത്തുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ സമഗ്രമായി അവലോകനം ചെയ്യുന്നില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന വിലയിരുത്തൽ നടത്തി പരിഹാര നടപടികൾ സമയബന്ധിതമായി കൈക്കൊള്ളേണ്ടതായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/08/2017 | 04/2017 - 07/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31/12/2012 | 2007-08 മുതൽ 2011-12 വരെ | 07/03/2013 |

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി വരവിലെ അപാകങ്ങൾ

ആറളം പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ കാണകയുണ്ടായി.

1. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്,എടൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ആശ്രയ ഫിനാൻസ്,ആറളം | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | മാതാ ഫിനാൻസ്,ആറളം | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | റോയൽ ഫിനാൻസ്,കീഴ്പ്പള്ളി | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | സോനാ ഫിനാൻസ്, എടൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | ബി.എസ്.എൻ. എൽ,വെളിമാനം | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | കള്ളുഷാപ്പ്, കാരാപ്പറമ്പ് | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | ഇരിട്ടി റേഞ്ച് കള്ളുചെത്ത് വ്യവസായി തൊഴിലാളി സംഘം | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

2. താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | ഡോ.ജാതവേദസ് മോഹൻലാൽ | പി.എച്ച്.സി., കീഴ്പ്പള്ളി | ഒന്നാം അർദ്ധവർഷം |
| 2 | അനിൽ കുമാർ | ഗവ.ഹൈസ്കൂൾ,ആറളം ഫാം | ഒന്നാം അർദ്ധവർഷം |
| 3 | ബീനാ എം. | | ഒന്നാം അർദ്ധവർഷം |
| 4 | ബാലകൃഷ്ണൻ കെ. | വില്ലേജ് ഓഫീസ്,ആറളം | രണ്ടാം അർദ്ധവർഷം |
| 5 | ടി.വൈ.ജയൻ | കൃഷി ഭവൻ,ആറളം | രണ്ടാം അർദ്ധവർഷം |
| 6 | രവി സി. | | രണ്ടാം അർദ്ധവർഷം |
| 7 | ഷിബു കെ.കെ. | | രണ്ടാം |

| | | | |
|---|---|---|---|
| | | | അർദ്ധവർഷം |
| 8 | ജീമ ജോസ് | സെന്റ്. സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ, വെളിമാനം | രണ്ടാം അർദ്ധവർഷം |
| 9 | ഡാലിയ ഫിലിപ്പ് | | രണ്ടാം അർദ്ധവർഷം |
| 10 | ഫിലിപ്പേസ് എം.പി. | ആറളം പോലീസ് സ്റ്റേഷൻ | രണ്ടാം അർദ്ധവർഷം |
| 11 | അനിൽരാജ് ജെ.ആർ | | രണ്ടാം അർദ്ധവർഷം |
| 12 | അശോകൻ ടി.ജി. | | രണ്ടാം അർദ്ധവർഷം |
| 13 | തോമസ് | | രണ്ടാം അർദ്ധവർഷം |
| 14 | നീതു പി.വി. | കേരളാ ഗ്രാമീൺ ബാങ്ക്,കീഴ്പ്പള്ളി | രണ്ടാം അർദ്ധവർഷം |
| 15 | അനുവിന്ദ് ബി. | ഇൻഡ്യൻ ഓവർസീസ് ബാങ്ക്,എടൂർ | രണ്ടാം അർദ്ധവർഷം |
| 16 | ധനീഷ് എൻ. | ആറളം ഗ്രാമപഞ്ചായത്ത് | രണ്ടാം അർദ്ധവർഷം |
| 17 | പ്രദീഷ് പി. | | രണ്ടാം അർദ്ധവർഷം |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി പിന്നീട് നൽകുന്നതാണെന്ന് അറിയിക്കുകയുണ്ടായി. പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

## 2-2 ഡി ആൻഡ് ഒ ലൈസൻസ് ഫീ വരവിലെ അപാകങ്ങൾ

ആറളം പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ഡി ആൻഡ് ഒ ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്റർ, ലൈസൻസ് പെർമിഷൻ രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തുകയുണ്ടായി.

1.2016-2017 ഡിമാൻഡ് രജിസ്റ്റർ പ്രകാരം ആറളം പഞ്ചായത്തു പരിധിയിൽ 294 വ്യാപാര സ്ഥാപനങ്ങൾ ആണ് ഉള്ളത്. എന്നാൽ ലൈസൻസിന് അപേക്ഷ നൽകിയിരിക്കുന്നത് 259 സ്ഥാപനങ്ങൾ മാത്രമാണ്. 35 സ്ഥാപനങ്ങളുടെ കുറവ് വിശദീകരിക്കുവാൻ നൽകിയ എൻക്വയറി (എൻക്വയറി നം. 1/2016-2017) ക്ക് 2015-2016 ൽ ഉള്ള സ്ഥാപനങ്ങളിൽ നിന്നും കുറെ സ്ഥാപനങ്ങൾ നിർത്തിപ്പോയതുകൊണ്ടാണ് സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവുവന്നത് എന്ന മറുപടിയാണ് ലഭിച്ചത്. നിർത്തിപ്പോകുന്ന സ്ഥാപനങ്ങൾ

വാർഡിന്റെ ചുമതലയുള്ള ക്ലർക്ക് നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതായുണ്ട്. എന്നാൽ ഇത്തരത്തിൽ പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കാതെ സ്ഥാപനങ്ങൾ നിർത്തിപ്പോയതായി രേഖകളുടെ പിൻബലമില്ലാതെ മറുപടി നൽകുന്നത് അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

2. ആറളം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന കള്ളുഷാപ്പുകൾ ഡിആൻഡ് ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ആറളം കള്ളുഷാപ്പ് |
| 2 | വളയംകോട് കള്ളുഷാപ്പ് |
| 3 | ചെടിക്കുളം കള്ളുഷാപ്പ് |
| 4 | പൂതക്കുണ്ട് കള്ളുഷാപ്പ് |
| 5 | കാരാപ്പറമ്പ് കള്ളുഷാപ്പ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടി ഈ വിഷയത്തിൽ പിന്നീട് വിശദീകരണം നൽകുന്നതാണെന്നാണ്. ലൈസൻസ് എടുക്കാത്തത് മൂലം പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. എന്നാൽ ആറളം ഗ്രാമ പഞ്ചായത്തിൽ ഡി&ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നമ്പർ | അപേക്ഷകൻ/സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 6/474 | ഡോ.ആന്റണി, ഹോമിയോ ക്ലിനിക്ക് |
| 2 | 7/260 | ടി.കെ.കല്യാണിക്കുട്ടി,ഹോമിയോ ക്ലിനിക്ക് |
| 3 | 17/501 | വീണാ കെ.സി, ആയുർവേദ ചികിൽസാലയം |
| 4 | 1/412 | ടി.എൻ. ദിവാകരൻ, ആയുർവേദ ക്ലിനിക്ക് |

മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നൽകിയ എൻക്വയറിക്ക് (നം.3/2016-2017) മറുപടി ലഭ്യമായിട്ടില്ല. വിശദീകരണം ഉടനെ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിച്ചില്ല -പാഴായ പദ്ധതിപ്പണം **1**കോടി **89**ലക്ഷം രൂപ.

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ.21.03.2015,ജി.ഒ(പി)419/15 ഫിൻ തീ.19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൗണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16 വർഷം മുതൽ നിർത്തൽചെയ്യുകയും ചെയ്തു. ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകും. ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബാക്കിയായ ഫണ്ടുകൾ ഇതുവരെയായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. ആറളം ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവധ ഫണ്ടുകളിൻ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ഏതാണ്ട് രണ്ടുകോടിക്കടുത്ത രൂപയാണ്.ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ബാക്കിയായ തുക |
|---|---|
| വികസനഫണ്ട് | 3425445 |
| എസ്.സി.പി | 257853 |
| പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6027014 |
| ലോകബാങ്ക് ധനസഹായം | 3228163 |
| മെയിന്റനൻസ് ഫണ്ടു നോൺ റോഡ് | 2198458 |
| മെയിന്റനൻസ് ഫണ്ടു റോഡ് | 3740751 |
| ആകെ | 1,88,77,684 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ പരിശോധന നടത്തി പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് കാലേക്കൂട്ടി തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## **3-2** സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം നൽകുന്നതിന് പ്രൊജക്ട് നടപ്പിലാക്കി - ചെലവ് തുക അംഗീകരിക്കുന്നില്ല.

നിർവഹണോദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രോജക്ട് നം. പേര് - 91/17സ്കൂൾ കലാകായിക ശാസ്ത്രമേളകൾക്ക് ധനസഹായം

അടങ്കൽ - 1,65,000/-(വികസനഫണ്ട്)

ബിൽ നം.നം. - 01/16-17/23.12.2016 (1,65,000/-)

മേൽ പ്രോജക്ടിന്റെ ഭാഗമായി ഇരിട്ടി സബ് ജില്ലാ കലാകായിക ശാസ്ത്രമേളകൾക്ക് കുട്ടികളെ പരിശീലിപ്പിച്ചതിന് പഞ്ചായത്ത് പരിധിയിലുള്ള 11 സ്കൂളുകളിലെ ഹെഡ് മാസ്റ്റർമാർക്ക് 15000/- രൂപ വീതം വികസന ഫണ്ടിൽ നിന്നും ധനസഹായം നൽകകകയുണ്ടായി. ഇതിന്റെ ഭാഗികമായ വൌച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ജി.ഒ.എം.എസ്. നം. 4/2016 ത.സ്വ.ഭ.വ. തീ.11.01.2016 ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലോ മറ്റു സർക്കാർ ഉത്തരവുകളിലോ ശാസ്ത്രോത്സവം, സ്കൂൾ കലോത്സവം, എന്നിവയ്ക്ക് പരിശീലനം നടത്തിയ വകയിൽ പദ്ധതിപ്പണം ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. മേൽ ഉത്തരവിന്റെ അനുബന്ധം 15ഖണ്ഡിക 3.9.1പ്രകാരം പണമായി ധനസഹായം നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

പ്രൊജക്ടിൽ ഒരു സ്കൂളിന് 5000/-രൂപ വീതം ധനസഹായം നൽകാനാണ് ഉദ്ദേശിച്ചത്. എന്നാൽ ഇപ്രകാരം 11 സ്കൂളുകൾക്ക് 1,65,000/-ഫണ്ട് കണക്കാക്കിയതായും കാണുന്നു. ഇതിന്റെ അടിസ്ഥാനം വ്യക്തമല്ല. ധനസഹായം നൽകിയതിൽ 3 ഹയർസെക്കന്ററി സ്കൂളുകളും ഒരു ഹൈസ്കൂളും ഉൾപെടുന്നു. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഹൈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡവും വ്യക്തമല്ല. എല്ലാ അപാകങ്ങൾക്കും മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 4/2016-17തീയ്യതി:27.09.2017 മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിനാൽ ചെലവഴിച്ച 1,65,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 അനർഹമായി സബ്സിഡി നൽകി - 6000/-രൂപ അംഗീകരിക്കുന്നില്ല.

നിർവഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നം.പേര് - 61/17 നാമമാത്രമായ കർഷകർക്ക് കേട് വന്ന തെങ്ങ് മുറിച്ച് മാറ്റി പകരം തൈവെക്കൽ

ചെലവ് - ബിൽ നം. 5/16-17/30.03.2017 (വികസനഫണ്ട്)

ജി.ഒ.എം.എസ്. നം. 4/2016 ത.സ്വ.ഭ.വ. തീ.11.01.2016 ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 15 ഖണ്ഡിക 3-1-10 പ്രകാരം കേട് വന്ന തെങ്ങ് മുറിച്ച് മാറ്റി പകരം തൈ വെക്കൽ എന്ന പ്രൊജക്ട് പ്രകാരം സബ്സിഡിക്ക് അർഹരായവർ നാമമാത്ര കർഷകരാണ്. 2016-17 വർഷം ഈ പ്രൊജക്ട് പ്രകാരം സബ്സിഡി ആനുകൂല്യം ലഭിച്ച താഴെ പറയുന്നവർ നാമമാത്ര കർഷകരല്ലെന്ന് അവർ ഹാജരാക്കിയിട്ടുള്ള ഭൂനികുതി രശീതിയിൽ നിന്നും വ്യക്തമാണ്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പട്ടികയിലെ ക്രമ നം. | പേര് | സ്ഥലം ഹെക്ടർ(H), ആർ(R) | സർവ്വേ നം | നൽകിയ തുക |
|---|---|---|---|---|---|
| 1 | 2 | നഫീസ.എൻ | 1.0117<br>0.2428 | 2/1,<br>126/1 | 1000 |
| 2 | 24 | തങ്കച്ചൻ.പി.പി | 1.21 | 279 | 1000 |
| 3 | 34 | നരിക്കോടൻ മാധവി | 1.1736 | 211 | 1000 |
| 4 | 39 | കെ.ജെ.മാത്യു | 0.8783<br>0.7407 | 304 | 1000 |
| 5 | 55 | ജോസഫ് വി.ജെ. | 1.69 | 2/1 | 1000 |
| 6 | 61 | ബിജു തോമസ്. | 0.9955<br>0.1659 | 239 | 1000 |

സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെയും ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെയും ആനുകൂല്യം നൽകിയതിന് മറുപടി നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/2016-17 തീയ്യതി:27.09.2017) മറുപടി നൽകിയിട്ടില്ല. അനർഹർക്ക് നൽകിയ 6000/-രൂപ തിരിച്ചടക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്കിന് എ.എം.സി -നിർവ്വഹണത്തിൽ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ടിന്റെ പേര് -തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - പ്രൊജ.നം.56/17

അടങ്കൽ -1,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്),50000/-തനതുഫണ്ട്

ബിൽ നം -22/31.03.2017 100000/-

വൌച്ചർ നം.21601321/31.03.2017 50,000/-തനതുഫണ്ട്

പ്രൊജക്ടിന്റെ പേര് -ആറളം പുനരധിവാസമേഖലയിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - പ്രൊജ.നം.43/17

അടങ്കൽ -1,00,000 (ടി.എസ്.പി)

ബിൽ നം -23/31.03.2017 1,00,000./-

ആറളം ഗ്രാമപഞ്ചായത്ത് 2016-17വർഷം തെരുവ് വിളക്കിന്റെ അറ്റകുറ്റപ്പണി എ.എം.സി.മുഖേന നടപ്പിലാക്കുന്നതിന് രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.ഒന്ന് പഞ്ചായത്ത് പരിധിയിലുള്ള വിവധ പ്രദേശങ്ങളിലെ തെരുവ് വിളക്കുകളും (പ്രൊജ.നം.56/17),മറ്റൊന്ന് ആറളം പുനരധിവാസ മേഖലയിലെ തെരുവ് വിളക്കുകളും (പ്രൊജ.നം.43/17)അറ്റകുറ്റപ്പണി നടത്തുന്നതിനാണ് പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കിക്കൊണ്ട് ടെൻഡറിംഗ് സംവിധാനം വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക്നൽകാവുന്നതാണെന്ന് തസ്വഭ വകുപ്പിന്റെ 15.09.2011 ലെ 3055/ഡി.എ3/2011 നം.സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് വഴി നിർവ്വഹണം നടത്തുവാൻ ഉദ്ദേശിച്ചിരുന്ന പ്രൊജക്ടുകൾ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. നിർവ്വഹണത്തിലെ വീഴ്ചകൾ താഴെ കൊടുക്കുന്നു.

1)തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് വഴി നിർവ്വഹണം നടത്തുമ്പോൾ കരാറുകാരനുമായി വ്യക്തമായ കരാർ വെക്കേണ്ടതാണെന്ന് മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ സർക്കുലറിൽ പറഞ്ഞ പ്രകാരം കരാറുകാരനുമായി വിശദമായ കരാർ വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടില്ല എന്നതാണ് പ്രൊജക്ട് നടത്തിപ്പിലെ പ്രധാന പോരായ്മ. ഏത് തീയ്യതിമുതൽ എത്രകാലത്തേക്കാണെന്ന് കരാർ നൽകിയത് എന്ന പ്രധാന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.കരാറുകാരന്റെ ഉത്തരവാദിത്വവും ചുമതലയും പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തിസമയത്ത് കരാറുകാരന് സംഭവിച്ചേക്കാവുന്ന അപകടം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വം ഇല്ല എന്ന ഗൌരവമേറിയ വിഷയം ഉൾപ്പെടുത്തിയിട്ടില്ല. അതേസമയം മേൽ സർക്കുലറിൽ പറഞ്ഞിട്ടില്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിയതായും കാണുന്നു. കരാറുകാരന് പണം മുൻകൂറായി നൽകാമെന്നും തുക മുൻകൂറായി നൽകിയതിന് ശേഷം മാത്രമേ കരാറുകാരന് പ്രവൃത്തി നടത്തേണ്ട ഉത്തരവാദിത്വം ഉള്ളൂ എന്നും കരാറിൽ ഉൾപ്പെടുത്തിയത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഈയിനത്തിൽ പദ്ധതിപണം മുൻകൂറായി ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. സർക്കുലറിൽ കരാർ പ്രകാരമുള്ള തുകയുടെ ആനുപാതിക തുക വ്യവസ്ഥകൾ നിറവേറ്റുന്ന മുറക്ക് മൂന്ന് മാസം കൂടുമ്പോൾ നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്.

2) എ.എം.സി കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തന നിരതമാണോയെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികളും കരാറുകാരനും ഉറപ്പുവരുത്തേണ്ടതും

ഇത് സംബന്ധിച്ച് സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബി യുടെയും ബന്ധപ്പെട്ട അധികാരികളും കരാറുകാരനും കരാറിന്റെ പ്രാരംഭഘട്ടം മുതൽ സംയുക്ത പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു സംയുക്ത പരിശോധന നടത്തിക്കാണുന്നില്ല.

3)തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് പരാതികൾ റജിസ്റ്റർ ചെയ്യുന്നതിന് പരാതി റജിസ്റ്റർ സൂക്ഷിക്കണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.ഇത്തരത്തിൽ ഒരു പരാതി റജിസ്റ്റർ സൂക്ഷിച്ചുകാണുന്നില്ല.

4)പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കുറ്റമറ്റ രീതിയിൽ നടന്നിട്ടില്ല.
5)അറ്റകുറ്റപണികൾ നടത്തിയത് പഞ്ചായത്ത് പരിധിയിലുള്ള ഏതൊക്കെ സ്ഥലങ്ങളിലുള്ള വിളക്കുകളാണെന്ന് അതാത് വാർഡ് മെമ്പർമാരിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണത്തിൽ വന്ന അപാകങ്ങൾ കാരണം ചെലവഴിച്ച 2,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

ആറളം ഗ്രാമ പഞ്ചായത്തിൽ നിന്നും 2016-17 വർഷത്തിൽ താഴെ കാണിച്ചിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | പ്രോജക്ട് നം&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വൌ,നം/ബിൽ നം& തീയ്യതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 47/17<br>ഐ.കെ.എം.വിഹിതം | സെക്രട്ടറി<br>ആറളം ഗ്രാമ പഞ്ചായത്ത് | ബിൽനം.10<br>തീ.31-10-2016 | 80663 | ഇൻഫോർമേഷൻ കേരള മിഷൻ |
| 2 | 194/17<br>സമ്പൂർണ്ണ വൈദ്യുതീകരണം | സെക്രട്ടറി<br>ആറളം ഗ്രാമ പഞ്ചായത്ത് | 19/ തീയ്യതി 3-03-2017 | 988126 | കെ.എസ്.ഇ.ബി.<br>ഇരിട്ടി,സബ് ഡിവിഷൻ |
| 3 | 71/17<br>സാനിറ്ററി നാപ്കിൻ വിതരണം | സെക്രട്ടറി<br>ആറളം ഗ്രാമ പഞ്ചായത്ത് | ബിൽനം.9<br>തീ.31-03-2017 | 50000 | വനിത വികസന കോർപ്പറേഷൻ |
| 4 | 65/17<br>തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി | സെക്രട്ടറി<br>ആറളം ഗ്രാമ പഞ്ചായത്ത് | 31600297തീയ്യതി<br>30.12.2016 | 100000 | ജില്ലാ പഞ്ചായത്ത്, കണ്ണൂർ |
| 5 | 45/17<br>ഐ.എ.വൈ വിഹിതം | സെക്രട്ടറി<br>ആറളം ഗ്രാമ | 18/25.02.2017 | 80,000/- | ബ്ലോക്ക് പഞ്ചായത്ത്, ഇരിട്ടി |

| | | | | | |
|---|---|---|---|---|---|
| | | പഞ്ചായത്ത് | | | |
| 6 | 70/17<br>അങ്കണവാടി വൈദ്യുതികണക്ഷൻ | സെക്രട്ടറി<br>ആറളം ഗ്രാമ പഞ്ചായത്ത് | 21600656തീയ്യതി<br>30.12.2016 | 80,000/- | കെ.എസ്.ഇ.ബി.<br>ഇലക്ട്രിക്കൽ സെക്ഷൻ ,കാക്കയങ്ങാട് |

## 3-6 മരുന്ന് ലഭ്യമായില്ല .

| | |
|---|---|
| 1)പ്രോജക്റ്റിന്റെ പേര് | : കളരിക്കാട് ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | :3/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | :₹4,00,000 /-( ടി.എസ്.പി) |
| ചെലവ് | |
| ബിൽ നമ്പർ/തീയതി.....തുക | :(1)2/16-17/18-11-2016..................₹4,00,000 |

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ കളരിക്കാട് ആയുർവേദ ആശുപത്രിക്ക് ആവശ്യമായ ₹4,00,000/- രൂപയുടെ മരുന്ന് വാങ്ങുകയായിരുന്ന ലക്ഷ്യം. ഔഷധിയിൽ നിന്ന് ₹4,00,000/- രൂപയുടെ കൈപ്പററ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. ₹3,89,482 രൂപയുടെ മരുന്ന് ലഭ്യമായത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന ₹10518/- രൂപയുടെ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| 2)പ്രോജക്റ്റിന്റെ പേര് | :ഹോമിയോ ആശുപത്രിക്ക് മരുന്ന ലഭ്യമാക്കൽ |
| പ്രൊജക്റ്റ് നമ്പർ | :82/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | :₹1,50,000 /-( മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ബിൽ നമ്പർ | :1/16-17 |
| ബിൽ തീയതി | :23-12-2016 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി , ആലപ്പുഴയിൽ നിന്ന് 1,50,000 രൂപയുടെ ഹോമിയോ മരുന്ന് വാങ്ങുകയായിരുന്ന ലക്ഷ്യം. കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴക്ക് പ്രൊഫോർമ ഇൻവോയ്സ് നം.PF442/14-11-2016 പ്രകാരമുള്ള മരുന്ന് ലഭ്യമാക്കുന്നതിനായി 1,50,000രൂപ നൽകിയിരുന്നു. ഇതിൽ ₹91,750 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ശേഷിക്കുന്ന തുക ₹58,250 നുള്ള മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 അംഗൻവാടി പോഷകാഹാരം-അപാകങ്ങൾ - ചെലവ് തുക ₹1846159 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | അംഗൻവാടി പോഷകാഹാരം 2016-17 |
| പ്രൊജക്റ്റ് നമ്പർ | 40/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | :₹1980000വികസന ഫണ്ട്(പൊതുവിഭാഗം സാധാരണ വിഹിതം)<br>₹1,50,000 വികസന ഫണ്ട്(ടി എസ്.പി)<br>₹7,00,000 കേന്ദ്രാവിഷ്കൃത ഫണ്ട്. |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രൊജക്ടിൽ ആറളം ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട അംഗനവാടികളിൽ പോഷകാഹാരവിതരണം ആയിരുന്നു ലക്ഷ്യം.പ്രസ്തുത പ്രൊജക്ടിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല.

ബിൽ നം.1/16-17 തി.30-09-2016 തുക-12,24,443

സപ്ലൈകോ ഇഷ്യൂ നമ്പർ.16275 തിയ്യതി.31-08-2016(₹336119/-) പ്രകാരം വാങ്ങിയ സാധനങ്ങളും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ അംഗന വാടികളിൽ വിതരണം ചെയ്ത സാധനങ്ങളുടെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾ (കി.ഗ്രാം) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ അങ്കണവാടികളിൽ വിതരണം ചെയ്ത സാധനങ്ങൾ (കി.ഗ്രാം) |
|---|---|---|---|
| 1 | പയർ | 905 | 845 |
| 2 | വെല്ലം | 501 | 485 |
| 3 | ഉഴുന്ന് | 245 | 235 |
| 4 | എണ്ണ | 305 | 300 |

ഇപ്രകാരം വ്യത്യാസം വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
